**ഹരിതകേരളം മിഷൻ**
കേരള സർക്കാർ

**22.05.2019**

## പത്രക്കുറിപ്പ്

# ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജലസംഗമം

### മേയ് 30 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും

ഹരിതകേരളം മിഷൻ സംസ്ഥാനത്ത് ഇതുവരെ നടത്തിയ പുഴ പുനരുജ്ജീവന -ജലസംരക്ഷണ പ്രവർത്തനങ്ങളെ ആധാരമാക്കി ദേശീയ തലത്തിൽ ജലസംഗമം സംഘടിപ്പിക്കുന്നു. ഈ മാസം 30, 31 തീയതികളിൽ തിരുവനന്തപുരത്ത് ടാഗോർ തിയേറ്ററിൽ സംഘടിപ്പിക്കുന്ന ജലസംഗമം- 2019 ന്റെ ഉദ്ഘാടനം മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ മേയ് 30 ന് നിർവഹിക്കും. സംസ്ഥാനത്ത് നടന്ന മികച്ച ജല സംരക്ഷണ പ്രവർത്തനങ്ങൾ ജലസംഗമത്തിൽ അവതരിപ്പിക്കും. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള വിദഗ്ദ്ധർ ഈ അവതരണങ്ങളോട് പ്രതികരിച്ച് സംസാരിക്കും. ധനമന്ത്രി ഡോ.തോമസ് ഐസക്, തദ്ദേശഭരണ മന്ത്രി ശ്രീ.എ.സി.മൊയ്തീൻ, ജലവിഭവ വകുപ്പ് മന്ത്രി കെ.കൃഷ്ണൻകുട്ടി, കൃഷി മന്ത്രി വി.എസ്.സുനിൽ കുമാർ, സഹകരണ - ടൂറിസം മന്ത്രി കടകംപള്ളി സുരേന്ദ്രൻ എന്നിവർ പങ്കെടുക്കും. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും രണ്ടുവീതം പ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുക്കും.

നദീ പുരുജ്ജീവനവും സുസ്ഥിരതാ വെല്ലുവിളികളും, പ്രാദേശിക ജലസ്രോതസ്സുകളും ജലസുരക്ഷാ പദ്ധതികളും, നഗരനീർച്ചാലുകളുടെ ശൃംഖലയും മലിനജല പരിപാലനവും എന്നീ വിഷയങ്ങളിൽ സംഘടിപ്പിച്ചിട്ടുള്ള സെമിനാറുകളിലാണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ സംബന്ധിച്ച അവതരണങ്ങൾ നടക്കുന്നത്.

ജലസംഗമത്തിലെ സമാന്തര സെഷനുകളിലെ അവതരണങ്ങളോട് പ്രതികരിച്ചുകൊണ്ട് വിവിധ ഐ.ഐ.ടി. കളിൽ നിന്നും മറ്റു ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുമുള്ള വിദഗ്ദ്ധർ സംസാരിക്കും. തെലുങ്കാന സംസ്ഥാനത്തിലെ നെക്നാംബൂർ തടാകം, എറാക്കുട്ട തടാകം, പ്രഗതി നഗർ തടാകം മുതലായ വലിയ തടാകങ്ങളുടെ മാതൃകാപരമായി പുനരുജ്ജീവിപ്പിച്ച് സംരക്ഷിക്കുന്ന പരിസ്ഥിതി പ്രവർത്തക കൂടിയായ, പിലാനി കേന്ദ്ര ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവർത്തിച്ചിരുന്ന ശ്രീമതി.മധുലികാ ചൗധരി, നീർത്തട പരിപാലനം, സ്ഥലപര ആസൂത്രണം തുടങ്ങി വിവിധ മേഖലകളിൽ വിദഗ്ദ്ധനായിട്ടുള്ള റൂർക്കി ഐ.ഐ.ടിയിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ.മനോജ്.കെ.ജയിൻ, പ്രകൃതി വിഭവ സംരക്ഷണം, പുനസ്ഥാപനം, ജല – മലിനജല സംസ്കരണം, പാരിസ്ഥിതിക ആഘാത പഠനം എന്നിവയിൽ വിദഗ്ദ്ധനായ ശ്രീ.വിനോദ് താരെ തുടങ്ങിയവർ പങ്കെടുക്കും. ഇവരെക്കൂടാതെ വിവിധ ഐ.ഐ.ടി. കളിൽ നിന്നുമുള്ള ഡോ.പി.ആതിര, ഡോ.എൻ.സി നാരായണൻ, ഡോ.ടി.എൽദോ കോഴിക്കോട് എൻ.ഐ.ടി യിൽ നിന്നുമുള്ള ശ്രീ.സന്തോഷ് തമ്പി, ബാർട്ടൻഹിൽ എഞ്ചിനീയറിംഗ് കോളേജിൽ നിന്നുമുള്ള ശ്രീമതി.സുജ. ജലസംരക്ഷണവുമായി ബന്ധപ്പെട്ട് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ മാതൃകാ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുള്ള ശ്രീ.പ്രദീപ് കുമാർ, ശ്രീ.ജോയ് കെ.ജെ തുടങ്ങിയവർ പങ്കെടുക്കും. ഇവരെ കൂടാതെ സി.ഡബ്ല്യു.ആർ.ഡി.എം, സി.ഡബ്ല്യു.സി, സി.ജി.ഡബ്ല്യു.ബി തുടങ്ങിയവയിൽ നിന്നുള്ള വിദഗ്ദ്ധരും ഈ ജല സംഗമത്തിൽ പങ്കെടുക്കുന്നുണ്ട്.

31.05.2019 ന് നടക്കുന്ന പ്ലീനറി സെഷനിൽ സമാന്തര സെഷനിലെ അവതരണങ്ങളെയും തുടർന്നു നടക്കുന്ന ചർച്ചകളുടേയും ക്രോഡീകരിച്ചുകൊണ്ടുള്ള അവതരണങ്ങളോട് വിദഗ്ദ്ധർ പ്രതികരിക്കും. ഇതിന്റെയടിസ്ഥാനത്തിൽ തുടർന്നു നടത്തേണ്ട ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും. സംസ്ഥാന ധനകാര്യ വകുപ്പ് മന്ത്രി ഡോ.ടി.എം.തോമസ് ഐസക് ഈ സെഷന് നേതൃത്വം നൽകും.

സംസ്ഥാനത്ത് നടന്നിട്ടുള്ള മികച്ച പ്രവർത്തനങ്ങൾ കണ്ടുവിലയിരുത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ടവർക്കായി മേയ് 29 ന് മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ നദീ സംയോജന പ്രവർത്തനങ്ങൾ, ആലപ്പുഴ കനാൽ ശുചീകരണ പ്രവർത്തനങ്ങൾ, കാട്ടാക്കട നിയോജക മണ്ഡലത്തിലെ ജലസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ കണ്ടു മനസിലാക്കാൻ ഒരു ഫീൽഡ് വിസിറ്റും അനുബന്ധമായി സംഘടിപ്പിച്ചിട്ടുണ്ട്. 29 മുതൽ ടാഗോർ തിയേറ്റർ വളപ്പിൽ ജലസംരക്ഷണം വിഷയമാക്കി സംഘടിപ്പിച്ചിട്ടുള്ള പ്രദർശനം തദ്ദേശ സ്വയംഭരണ മന്ത്രി എ.സി.മൊയ്തീൻ ഉദ്ഘാടനം ചെയ്യും.

**ഡോ.ടി.എൻ സീമ**
**എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ**
**ഹരിതകേരളം മിഷൻ**